കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയുടെയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയുടെയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി, നീലേശ്വരം കേന്ദ്രമാക്കി, നീര പൈലറ്റ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ സംസ്കരണ ശേഷിയുള്ള ഒരു നീര ഉല്പാദന യൂണിറ്റ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) നീര ഉല്പാദ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നീരയെ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുന്നതിനും ഇതിലൂടെ തെങ്ങ് കൂടുതൽ ആദായകരമായി കൃഷി ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സംഘങ്ങളെ സഹായിക്കുകയെന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ്, കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തികൊണ്ട് നാളികേര-നീര ബോർഡ് രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നത്. നാളികേര -നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നീരയുല്പാദനത്തിനും വിപണനത്തിനുമുള്ള അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

(സി) നീര ഉല്പാദനത്തിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഒന്നും തന്നെ നിലവിലില്ല.

ഗ്രാമീണ റോഡുകളുടെ നവീകരണം

15 (*285) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ ഒന്നാം ഘട്ടത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഉപയോഗിച്ച ഫണ്ട് ശതമാന കണക്കിൽ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി സംസ്ഥാന സർക്കാർ വിശദമായ പദ്ധതി രേഖാനിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പി.എം.ജി.എസ്.വൈ. ഒന്നാം ഘട്ടത്തിൽ 8 ഫേസുകളിലായി 3348.519 കി.മീ ദൈർഘ്യം വരുന്ന 1513.90 കോടി രൂപ അടങ്കലിൽ 1430 റോഡുകൾക്ക് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതിൽ ഉൾപ്പെടുത്തി ടി റോഡുകൾ പൂർത്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ 839.21 കോടി രൂപ നാളിയൂവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ടി റോഡുകളുടെ പൂർത്തീകരണത്തിനായി 314 കോടിരൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ആകെ 898.41 കോടി രൂപ ലഭ്യമാണ്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2015 ഫെബ്രുവരി വരെ 881.76 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് ലഭിച്ച തുകയുടെ 98.15 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (PMGSY-II) ഇപ്പോൾ ഒരു റോഡിനും അനുമതി ലഭിച്ചിട്ടില്ല. പി.എം.ജി.എസ്.വൈ.-യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 570 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും നേടിയിട്ടുണ്ട്. 75:25(75 കേന്ദ്രം 25 സംസ്ഥാനം) എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടിയുടെ മുന്നോടിയായി ഡിസ്ട്രിക്ട് റൂറൽ റോഡ്സ് എന്ന പ്ലാൻ (DRRP) ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ തയ്യാറാക്കി അംഗീകാരം നേടേണ്ടതുണ്ട്. ഇതിനോടകം തന്നെ 14 ജില്ലകളുടെയും ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എം.ജി.എസ്.വൈ.-II പ്രകാരം റോഡുകൾ തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ ജില്ലാതലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) Map in GIS- Platform-ൽ) തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇതിനോടകം തന്നെ 14 ജില്ലകളുടെയും ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇനി ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

മുട്ട, പാൽ, മാംസം ഉൽപാദനത്തിൽ സ്വയംപര്യാപ്തത

16 (*286) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ട, പാൽ, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ;

(സി) മൃഗാശുപത്രികൾ കേന്ദ്രീകരിച്ച്, കോഴി, ആട്, കന്നുകാലികൾ എന്നിവയെ കുറിച്ചുള്ള വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) മുട്ടയുടെ ഉൽപാദനത്തിൽ 2013-14-ൽ 2012-13-നെ അപേക്ഷിച്ച് 10.69% വർദ്ധനവും മാംസത്തിന്റെ ഉൽപ്പാദനത്തിൽ 3.76% വർദ്ധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം 2010-11-ൽ 26.43 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2013-14 ആയപ്പോഴേക്കും 29.03 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly